[ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : ചില ജില്ലകളിൽ പാലവും റോഡും കൂടുതലും ചില ജില്ലകളിൽ തീരെ ഇല്ല എന്നുള്ള അവസ്ഥയും നിലനിൽക്കുകയാണ്. അശാസ്ത്രീയമായ സമീപനമാണ് ഇപ്പോഴും ഇക്കാര്യത്തിലുള്ളത്. അതുകൊണ്ട് ഫണ്ട് അലോട്ട് ചെയ്യുന്ന സമയത്ത് തീരെ ഇത്തരം കാര്യങ്ങൾ എത്തിയിട്ടില്ലാത്ത, പാലങ്ങൾ നിർമ്മിച്ചിട്ടില്ലാത്ത, അവികസിതമായി നിൽക്കുന്ന പ്രദേശങ്ങൾക്ക് ഏറ്റവും കൂടുതൽ മുൻഗണന കൊടുക്കുന്ന രീതിയിൽ ഫണ്ട് അലോട്ട് ചെയ്യാൻ ഗവൺമെൻറ് സന്നദ്ധമാകുമോ ?

[ശ്രീ. കെ. അവുക്കാദർകുട്ടി നഹ : അത് കഴിയുന്നതും പരിശോധിക്കുന്നുണ്ട്. അപാകത ഉണ്ടാകുന്നത് ഇന്നും ഇന്നലെയും തുടങ്ങിയതല്ല. വളരെക്കാലങ്ങൾക്ക് മുമ്പുണ്ടായ ഒരു സമീപനത്തിന്റെ അനന്തരഫലമായി ഉണ്ടായതാണ്.

[ശ്രീ. വി. സി. കബീർ : വളരെ സുപ്രധാനമായ ഒറ്റപ്പാലം-മൈനൂർ ക്രോസ്വേയുടെ ഡിസൈനും മറ്റു ആവശ്യമായ പേപ്പറുകളും എല്ലാം ഉപമുഖ്യമന്ത്രിയുടെ ആഫീസിൽ എത്തിയിട്ടുണ്ട്. പത്ത് പുതിയ പാലങ്ങൾ പണി തുടങ്ങുന്ന ഈ സാഹചര്യത്തിൽ ഒറ്റപ്പാലം-മൈനൂർ ക്രോസ്വേയുടെ നിർമ്മാണംകൂടി ഈ വർഷം ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

[ശ്രീ. കെ. അവുക്കാദർകുട്ടി നഹ : പത്ത് പാലങ്ങൾ തുടങ്ങാൻ അനുമതി നൽകിയിട്ടുണ്ടെങ്കിലും സാമ്പത്തിക പരാധീനത കൊണ്ട് ഇക്കൊല്ലം തുടങ്ങാൻ കഴിയുമോ എന്നാണ് ഞാൻ സംശയം പ്രകടിപ്പിച്ചത്. അതുകൊണ്ട് ഇക്കൊല്ലം തുടങ്ങുന്ന പ്രശ്നമില്ല. എന്തായാലും മൈനൂർ ക്രോസ്വേ വളരെ ആവശ്യമാണെന്ന് ഗവൺമെൻറ് അംഗീകരിച്ചിട്ടുണ്ട്.

ലൈൻ എക്സ്റ്റൻഷൻ

* 97. [139] [ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ :
,, കെ. പി. പ്രഭാകരൻ :
,, വി. കെ. രാജൻ :
,, കെ. ടി. കുണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മിനിമം ഗാരണ്ടി വാങ്ങിയിട്ടുള്ള എത്ര ലൈൻ എക്സ്റ്റൻഷനുകൾ പണി നടത്താത്തതായി 29-8-1985 വരെ ബാക്കിയുണ്ട് ; ഏതു വർഷം മുതൽ ;

(ബി) പ്രസ്തുത കണക്ഷനുകൾ എന്നത്തേക്ക് കൊടുത്തു തീർക്കാമെന്നാണ് കരുതുന്നത് ;

(സി) 1985-86-ൽ ലൈൻ എക്സ്റ്റൻഷനുവേണ്ടി ചെലവാക്കാൻ ഉദ്ദേശിക്കുന്ന സംഖ്യ എത്ര ?

ധനകാര്യവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ) 1-4-1985 വരെ 8394 ലൈൻ എക്സ്റ്റൻഷൻ പണികൾ ചെയ്തു തീർക്കാനുണ്ട്. 1978 മുതലുള്ള പണികൾ ഇതിൽപ്പെടും.

(ബി) ബഡ്ജറ്റ് വിഹിതം വർദ്ധിപ്പിച്ചാൽമാത്രമേ കാലതാമസം കൂടാതെ ഈ ജോലികൾ ചെയ്തു തീർക്കാൻ കഴിയൂ.

(സി) ആറുകോടി രൂപ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. പ്രഭാകരൻ : കാർഷിക ആവശ്യങ്ങൾക്കുവേണ്ടി ലൈൻ എക്സ്റ്റൻഷൻ കൊടുത്ത സ്ഥലങ്ങളിൽ ആ ലൈനിൽനിന്ന് ഹൗസ് കണക്ഷനുള്ള അപേക്ഷ ചോദിച്ചാൽ ഹൗസ് കണക്ഷൻ കോൺട്രിബ്യൂഷൻ ഇല്ലാതെ കൊടുക്കില്ല എന്ന പേരിൽ തടഞ്ഞുവയ്ക്കുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ലൈൻ എക്സ്റ്റൻഷൻ കാർഷികാവശ്യത്തിനു വേണ്ടിയാണ് വന്നതെങ്കിൽ കൃഷി ആവശ്യത്തിനുപയോഗിക്കുന്ന ആ വീട്ടിൽത്തന്നെ കണക്ഷൻ ചോദിച്ചാൽ കൊടുക്കുന്നില്ല. ഇത് പ്രത്യേക സാമ്പത്തിക ബാദ്ധ്യതയുള്ള കാര്യമല്ല.

ശ്രീ. കെ. എം. മാണി : ലൈൻ വലിച്ചത് കാർഷികാവശ്യത്തിനാണോ ഡൊമസ്റ്റിക് ആവശ്യത്തിനാണോ എന്ന തരംതിരിവ് ആവശ്യമില്ലെന്നാണ് എന്റെ വ്യക്തിപരമായ അഭിപ്രായം. ലൈൻ വലിച്ച് ഒരിടത്ത് നിന്നാൽ ആവശ്യമുള്ളവർക്ക് അവിടെനിന്ന് കണക്ഷൻ കൊടുക്കും. ഡൊമസ്റ്റിക് ആവശ്യത്തിനുവേണ്ടിയുള്ള കണക്ഷനു ഇപ്പോഴും കോൺട്രിബ്യൂഷൻ ഒഴിവാക്കിയിട്ടുണ്ട്. അതുകൊണ്ട് അത് പ്രസക്തമല്ല.

ശ്രീ. കെ. പി. പ്രഭാകരൻ : ഗവൺമെന്റിന്റെ നിർദ്ദേശമനുസരിച്ച് ഇലക്ട്രിസിറ്റിബോർഡ് ഡിവിഷൻ കമ്മിറ്റികളും ഫോം ചെയ്തിട്ടുണ്ടല്ലോ. ഇലക്ട്രിസിറ്റി അധികാരികളിൽനിന്ന് ആധികാരികമായി ഞങ്ങൾക്ക് കിട്ടുന്ന മറുപടി കാർഷികാവശ്യങ്ങൾക്ക് ലൈൻ എക്സ്റ്റൻഷൻ കൊടുക്കാം. അതേസമയത്ത് ആ ലൈൻ പോകുന്ന സ്ഥലത്തുള്ള വീടുകൾക്ക് കണക്ഷൻ കൊടുക്കാൻ പാടില്ല എന്നതാണ് ഇപ്പോഴുള്ള നിർദ്ദേശം എന്നാണ്. അതുകൊണ്ട് ആ ലൈനിൽനിന്ന് വീടുകൾക്കുംകൂടി കൊടുക്കാൻ നിർദ്ദേശം കൊടുക്കുമോ ?

ശ്രീ. കെ. എം. മാണി : അതാണ് ഞാൻ പറഞ്ഞത്. അത് പരിശോധിക്കാം. എന്നെ സംബന്ധിച്ച് ആലോചിക്കുമ്പോൾ വ്യക്തിപരമായ കാര്യത്തിൽ ഇങ്ങനെയൊരു വേർതിരിവിന്റെ ആവശ്യമില്ല എന്നുള്ളതാണ് എന്റെ അഭിപ്രായം. ഞാൻ അതുവച്ച് പരിശോധിക്കാം.

ശ്രീ. കെ. പി. പ്രഭാകരൻ : ലൈൻ എക്സ്റ്റൻഷൻ മിനിമം ഗാരന്റി 1978 മുതലുള്ള കുടിശ്ശികയുണ്ടെന്നും ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. 1978 മുതലുള്ള കുടിശ്ശിക വരുന്നുവെങ്കിൽ ആദ്യമാദ്യമുള്ളത് കൊടുത്തു തീർക്കുന്നതിനെ സംബന്ധിച്ച് ചില തീരുമാനങ്ങളുണ്ടായിരുന്നു. 1982 ആകുമ്പോൾ കൊടുത്തുതീർക്കുന്ന ആ പ്രോഗ്രാം ഇതിനുമുമ്പുണ്ടായിരുന്നു. അത് തീർക്കാതെ പുതിയ പുതിയ എക്സ്റ്റൻഷൻ കൊടുക്കുന്നതിന്റെ ഫലമായിട്ടല്ലേ 1978 മുതലുള്ള ബാലൻസ് കിടക്കുന്നത് ? അതുകൊണ്ട് പഴയതിന് മുൻഗണന കൊടുക്കുന്നതിനെ സംബന്ധിച്ചിടത്തോളം ഒരു തീരുമാനം എടുക്കാൻ തയ്യാറാകുമോ ?

ശ്രീ. കെ. എം. മാണി : ഇത് ദൂഷിതവൃത്തമാണ്, ഗവൺമെന്റിന്റെ നയങ്ങളുടെ പിശക് അല്ല. ഇപ്പോൾ 8,000-ത്തിൽ ചിലപ്പോൾ ലൈൻ എക്സ്റ്റൻഷന്റെ അപേക്ഷ കുടിശ്ശികയുണ്ടെങ്കിലും അത് എടുത്തു ചെയ്യണമെങ്കിൽ 25 കോടി രൂപ വേണം. ആ 25 കോടി രൂപ ഇല്ലാത്തതുകൊണ്ട് വീണ്ടും കുടിശ്ശിക വരുന്നു. ആ കുടിശ്ശിക അക്യുമിലേറ്റ് ചെയ്യുമെന്നതിന് യാതൊരു സംശയവുമില്ല.

ശ്രീ. കെ. പി. പ്രഭാകരൻ : ഞാൻ ചോദിച്ചത് അതല്ല. 1978-ലേത് കൊടുത്തിട്ടേ 1984-ലേയോ 1985-ലേയോ കൊടുക്കൂ എന്ന തീരുമാനം എടുക്കുന്നതിന് തയ്യാറാകുമോ, അതായത് ആദ്യമാദ്യമുള്ളത് ആദ്യമാദ്യം കൊടുക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ എം. മാണി : അത് ഒരു നയമാണ്. അങ്ങനെയാണെങ്കിൽ 1978-ലേത് തീർത്തിട്ടേ ബാക്കിയുള്ളതാകാവൂ എന്നൊരു നയം എടുക്കാം വേണമെങ്കിൽ. പക്ഷെ 1978-ലേത് തീർക്കുകയും വേണം കരണ്ടായിട്ടുള്ളത് വല്ലതും അത്യാവശ്യമാണെങ്കിൽ ചിലപ്പോൾ കൊടുക്കുകയും വേണം. ഇത് രണ്ടുംകൂടി പൊരുത്തപ്പെടുത്തി കൊണ്ടുപോകുന്നതായിരിക്കും നല്ലത്.

ശ്രീ. കെ. ടി. കണാരൻ : മിനിമം ഗാരൻറി ഉണ്ടായിട്ടുള്ള ലൈൻ എക്സ്റ്റൻഷൻ കേസുകളെ സംബന്ധിച്ച് 1978 മുതൽ കുടിശ്ശിക ഉണ്ടെന്ന് മന്ത്രി പറഞ്ഞു. 1978-നു ശേഷം 1982 വരെയുള്ള കുടിശ്ശിക ഒരു സെക്ഷന്റെ കീഴിൽ രണ്ടു വർക്കുകളെങ്കിലും ഈ വർഷം പൂർത്തിയാക്കണമെന്ന ഒരു പ്രത്യേക നടപടി ഗവൺമെൻറ് ഭാഗത്തുനിന്ന് സ്വീകരിക്കുമോ ?

ശ്രീ. കെ. എം. മാണി : കുടിശ്ശിക കിടക്കുന്ന അപേക്ഷകളിൻമേൽ തീരുമാനമെടുത്ത് കഴിയുന്നിടത്തോളം ചെയ്തുതീർക്കുകയെന്നുള്ളതാണ് ഇപ്പോൾ എടുത്തിരിക്കുന്ന നയം.

ശ്രീ. കെ. ടി. കണാരൻ : എന്റെ നിയോജകമണ്ഡലത്തിൽ കലാറ് സെക്ഷനിലുള്ള കുടിശ്ശികയുള്ള രണ്ട് വർക്കെങ്കിലും ഈ സാമ്പത്തികവർഷത്തിൽ പൂർത്തിയാക്കുന്നതിന് പ്രത്യേക നടപടികൾ സ്വീകരിക്കാൻ വേവുണ്ടാകുമോ ?

ശ്രീ. കെ. എം. മാണി : ഏതായാലും പരിശോധിച്ച് വളരെ കുടിശ്ശികയുള്ളതാണെങ്കിൽ അതിന് മുൻഗണന കൊടുക്കാം.

ശ്രീ. രാഘവൻ പൊഴക്കടവിൽ : എന്റെ നിയോജകമണ്ഡലത്തിൽ കുതിരാൻ വാണിയമ്പാറ ലൈൻ എക്സ്റ്റൻഷൻ നാഷണൽ ഹൈവേയിൽ പെട്ടതാണ്. വളരെക്കാലമായി പണി ചെയ്യാതെ കിടന്നിരുന്ന ആ വർക്ക് ഏറെടുത്ത് പണി ആരംഭിച്ചെങ്കിലും ഇപ്പോൾ ചില സാങ്കേതിക തടസങ്ങൾ പറഞ്ഞ് നിറുത്തിവച്ചിരിക്കുകയാണ്. തൃശ്ശൂർ ജില്ലയിലെ മലയോര പ്രദേശമായ ഈ പ്രദേശത്ത് ലൈൻ എക്സ്റ്റൻഷൻ കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ? 40 മോട്ടോർ കണക്ഷനുള്ളതാണ്. കൃഷിക്കാർ വളരെയധികം കഷ്ടപ്പെടുന്നു, അടിയന്തിര നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. എം. മാണി : ഓരോ ലൈനിനെക്കുറിച്ചും എന്നോട് ചോദിച്ചാൽ ഇവിടെവച്ച് ഉത്തരം പറയാൻ ബുദ്ധിമുട്ടാണ്. ആ ലൈനിനെക്കുറിച്ച് എന്താണ് പിശക് വന്നിട്ടുള്ളതെന്ന് പ്രത്യേകം പരിശോധിക്കാം. സാങ്കേതിക തടസ്സങ്ങൾ ഇല്ലെന്നുണ്ടെങ്കിൽ പൊതുനയത്തിനകത്ത് നിന്നുകൊണ്ട് അത് ചെയ്തുതീർക്കാൻ ശ്രദ്ധിക്കാം.

ശ്രീ. സി. ടി. അഹമ്മദ് അലി : കാസർകോട് ഡിവിഷന്റെ കീഴിലുണ്ടായിരുന്ന ഡിവിഷൻ സൂപ്രണ്ട് കണ്ണൂരിലേക്ക് മാറിക്കൊണ്ട് അവിടെ നിന്ന് അബോളിഷ് ചെയ്യുകയുണ്ടായി. ഒരു പിന്നോക്കപ്രദേശമെന്നുള്ള നിലയിൽ അതവിടെ നിലനിറുത്തുന്ന കാര്യം ബഹുമാനപ്പെട്ട മന്ത്രി പരിഗണിക്കുമോ ?

ശ്രീ. കെ. എം. മാണി : അത് പരിശോധിക്കാം.

അംഗീകാരം നഷ്ടപ്പെട്ട സ്കൂളുകൾ

* 98. [140] ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
,, വർക്കല രാധാകൃഷ്ണൻ :

LIBRARY ARCHIVES Kerala Legislative Assembly